പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1436 | 22.3.2013-ൽ മറുപടിക്ക്

## തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുമരാമത്തു വകുപ്പ് നേരിട്ട് റീ ടാറിംഗ് നടത്തിയ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | തിരുവനന്തപൂരം കോർപ്പറേഷനിൽ എത്ര റോഡുകളാണ് 2012-13 വർഷത്തിൽ പൊതുമരാമത്തു വകുപ്പ് നേരിട്ട് റീ ടാറിംഗ് നടത്തിയതെന്ന് വിശദമാക്കുമോ; | എ) | തിരുവനന്തപുരം കോർപ്പറേഷന്റെ 243 റോഡുകളാണ് 2012-13 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് നേരിട്ട് റീടാറിംഗ് നടത്തിയത്. ഇതിൽ 242 റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ, തിരുവനന്തപുരം കോർപ്പറേഷനിലെ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൻ കീഴിൽ വരുന്ന 'റോസ് ഗാർഡൻസ് റസിഡൻസ് അസോസിയേഷൻ' റോഡ് റീടാറിംഗ് നടത്തിയിട്ടുണ്ട്. ഇതിന് 10 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| ബി) | പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് റീടാറിംഗ് നടത്താനിടയാക്കിയ സാഹചര്യവും അതിന് നിശ്ചയിച്ച മാനദണ്ഡവും വ്യക്തമാക്കുമോ; | ബി) | പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉന്നതല തീരുമാനമെടുത്താണ് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുള്ളത്. പ്രസ്തുത കോർപ്പറേഷൻ റോഡുകൾക്ക് കുറഞ്ഞ വീതി 3.75 മീറ്റർ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) | ഇപ്രകാരം പൊതുമരാമത്ത് വകുപ്പ് നിർവഹിച്ച പ്രവൃത്തിക്ക് അതേ വർഷം കോർപ്പറേഷൻ കോൺട്രാക്ടർക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് പേയ്മെന്റ് നല്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ? | സി) | പൊതുമരാമത്ത് വകുപ്പ് നിർവഹിച്ച പ്രവൃത്തികൾക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് പേയ്മെന്റ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**